# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3675 23.08.2017-ൽ മറുപടിയ്ക്ക്

## കേരളത്തിന്റെ നികുതി വരുമാനം

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. കേരളത്തിന്റെ നികുതി വരുമാനത്തെ എങ്ങനെയാണ് ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | ഒരു പുതിയ നികുതി സമ്പ്രദായമായ ജി.എസ്.ടി 2017 ജൂലൈ 1 മുതലാണ് നടപ്പിലാക്കിയത്. ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമെ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ആയതിനാൽ സേവനമേഖലയിൽ നികുതി ഈടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ജി.എസ്.ടി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14%വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്. ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ തുടക്കത്തിൽ ജി.എസ്.ടി പ്രതികൂലമായി ബാധിക്കുകയില്ല. ഇ-കൊമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിന് വ്യക്തികൾ അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവ മുമ്പ് അന്തർസംസ്ഥാന വില്പനയായി കണക്കാക്കിയിരുന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി ലഭിച്ചിരുന്നില്ല. ജി.എസ്.ടിയിൽ ഈ നികുതിയും കേരളത്തിന് ലഭിക്കും. ഇത് വലിയ നേട്ടമാണ്. |
| (ബി) | ഏതെല്ലാം തരത്തിലാണ് കേരളത്തിന്റെ നികുതി കൂടുകയും കുറയുകയും ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | കേരളത്തിലേക്ക് വരുന്ന ഉൽപ്പന്നങ്ങൾക്കും കേരളത്തിൽ നിന്ന് പുറത്തേക്ക് പോകുന്ന ഉൽപ്പന്നങ്ങൾക്കും ജി.എസ്.ടി. ബാധകമായതിനെത്തുടർന്ന് കേരളത്തിന്റെ നികുതി വരുമാനം വർദ്ധിക്കാനോ കുറയാനോ ഇടവരുത്തിയിട്ടുണ്ടോ എന്ന് ഉൽപ്പന്നങ്ങൾ തരം തിരിച്ച് വ്യക്തമാക്കാമോ; | | കേരളം പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമാണ്. കേരളത്തിനാവശ്യമായ സാധനങ്ങളിൽ ഭൂരിഭാഗവും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നവയാണ്. ആയതിനാൽ ജി.എസ്.ടി നിയമമനുസരിച്ച് ഇവയുടെ നികുതി കേരളത്തിന് ലഭിക്കും. കേരളത്തിൽ നിന്ന് മറ്റ് സംസ്ഥാനങ്ങളിലേക്ക് വ്യാപാരം നടത്തുന്നവയിൽ ഉയർന്ന നികുതിനിരക്കുള്ളത് പ്രധാനമായും പ്ലൈവുഡ്, റബ്ബർ എന്നിവയാണ്. |
| (ഡി) | ജി.എസ്.ടി വന്നതിന് ശേഷം കേരളത്തിലെ ചെക്ക് പോസ്റ്റുകൾ ഇല്ലാതായിട്ടുണ്ടോ; | (ഡി) യും (ഇ) യും | ജി.എസ്.ടി നിയമപ്രകാരം ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം facilitation centre മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരുടെ പുനർവിന്യാസ നടപടിക്രമങ്ങൾ ആരംഭഘട്ടത്തിലാണ്. മോട്ടോർ വാഹന വകുപ്പിനുകീഴിലുള്ള ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ഇ) | എങ്കിൽ അവിടെയുള്ള ജോലിക്കാരെ എവിടെ പുനർവിന്യസിപ്പിക്കും എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ